"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

101/ഡി സി.1/2021/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 08/05/2021

## സർക്കുലർ

വിഷയം:- കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഹരിതകർമ്മ സേനാ അംഗങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കികൊണ്ട് ഹരിതകർമ്മ സേന മുഖേന മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന:- 1) 15.07.2021- ലെ സ.ഉ.(സാധാ)2420/2017/തസ്വഭവ ഉത്തരവ്

2) 12.08.2020- ലെ സ.ഉ.(സാധാ)1496/2020/തസ്വഭവ ഉത്തരവ്

*******************

ഹരിത കേരളം മിഷൻ- ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായുള്ള മാർഗ്ഗനിർദേശങ്ങൾ സൂചന 1 പ്രകാരവും ആയതിന്റെ അടിസ്ഥാനത്തിൽ വാതിൽപ്പടി മാലിന്യ ശേഖരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കപ്പെട്ട ഹരിതകർമ്മ സേനകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ സൂചന 2 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണം തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ഫലപ്രദമായി നടന്നുവന്നിരുന്നുവെങ്കിലും കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ ചില സ്ഥലങ്ങളിൽ ഹരിത കർമ്മസേന മുഖേനയുള്ള മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം നിർത്തിവയ്ക്കപ്പെട്ടിട്ടുണ്ട്.

2. ഹരിത കർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണം നിർത്തിവയ്ക്കുന്നത് മൂലം ഗാർഹിക/ സ്ഥാപന തലത്തിൽ മാലിന്യങ്ങൾ കുന്നുകൂടുന്ന അവസ്ഥ സൃഷ്ടിക്കുമെന്നതിനാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഹരിതകർമ്മസേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കികൊണ്ട് ഹരിതകർമ്മസേന മുഖേന മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

- വതിൽപ്പടി മാലിന്യ ശേഖരണത്തിന്റെ ഭാഗമായി 100% കോവിഡ് - 19 പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സൗകര്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭ്യമാക്കൽ, ആയതുമായി ബന്ധപ്പെട്ട പരിശീലനം നൽകൽ, മാലിന്യ ശേഖരണത്തിന്റെ ഭാഗമായി കോവിഡ് - 19 പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തൽ എന്നിവയ്ക്കാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.
- വാതിൽപ്പടി മാലിന്യ ശേഖരണത്തിന്റെ ആവശ്യത്തിലേക്കായി N95 മാസ്ക്, ഫെയ്സ് ഷീൽഡ്, നല്ല കൈയുറ, സാനിറ്റൈസർ എന്നിവ ആവശ്യാനുസരണം ഹരിതകർമ്മസേന അംഗങ്ങൾക്ക് അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- വാതിൽപ്പടി മാലിന്യ ശേഖരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് കുറഞ്ഞത് 3 ജോഡി യൂണിഫോം ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഒരു ദിവസം ഉപയോഗിച്ച യൂണിഫോം അടുത്ത ദിവസം ഉപയോഗിക്കരുത്. ഒരുദിവസം ഉപയോഗിക്കുന്ന യൂണിഫോം നന്നായി കഴുകി ഉണക്കി മാത്രമേ പിന്നീട് ഉപയോഗിക്കാവൂ.

- ഹരിതകർമ്മസേനാംഗങ്ങൾ ജോലിയിൽ ഏർപ്പെടുമ്പോൾ കോവിഡ് മാനദണ്ഡപ്രകാരമുള്ള ശാരീരിക അകലം പാലിക്കേണ്ടതാണ്.
- കഴിവതും പുറത്തുനിന്നും ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഓരോരുത്തരും അവരവർക്കാവശ്യമായ കുടിവെള്ളം സ്വന്തമായി കരുതേണ്ടതും ആയത് പങ്കിടുന്നത് പരമാവധി ഒഴിവാക്കേണ്ടതുമാണ്. വെള്ളം കുടിക്കുന്നതിലേക്കായി മാസ്ക് മാറ്റുമ്പോൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.
- നിരീക്ഷണം/ക്വാറന്റയിൻ എന്നിവയിൽ കഴിയുന്ന ആളുകൾ ഉള്ള വീടുകളിൽ നിന്നും തൽക്കാലം വാതിൽപ്പടി ശേഖരണം ഒഴിവാക്കാവുന്നതും ആയത് കഴിയുന്ന മുറയ്ക്ക് അത്തരം വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കാവുന്നതുമാണ്.
- പ്രായമുള്ള അംഗങ്ങളെ വാതിൽപ്പടി ശേഖരണത്തിൽ നിന്നും തൽക്കാലം മാറ്റി നിർത്താവുന്നതാണ്.
- വാക്സിൻ എടുക്കാത്ത അംഗങ്ങൾക്ക് വാക്സിൻ എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- എല്ലാ ഹരിത കർമ്മസേനാ അംഗങ്ങൾക്കും കോവിഡ് പ്രതിരോധത്തിന്റെ സൂക്ഷ്മ ഘടകങ്ങൾ വരെ അറിയാമെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഹരിതകർമ്മ സേന മുഖേന വതിൽപ്പടി ശേഖരണം സുഗമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ശുചിത്വമിഷനും, ഹരിതകേരളം മിഷനും, ക്ലീൻ കേരള കമ്പനിയും നടത്തേണ്ടതാണ്.

SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.
ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്